# CAREER Updates
# പത്രവൃത്താന്തം

29.08.2024
(വ്യാഴം)



- 2024 ആഗസ്റ്റിൽ കേന്ദ്ര മന്ത്രി സഭയുടെ അംഗീകാരം നേടിയ കേരളത്തിലെ ആദ്യത്തെ വ്യാവസായിക സ്മാർട്ട് സിറ്റി
- ✔ പാലക്കാട് സ്മാർട്ട് സിറ്റി
- പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിലാണ് കേരളത്തിലെ നിർദ്ദിഷ്ട സ്മാർട്ട് സിറ്റി. പത്ത് സംസ്ഥാനങ്ങളിലായി 12 വ്യാവസായിക സ്മാർട്ട് സിറ്റികളാണ് 2024 ആഗസ്റ്റിൽ കേന്ദ്രം പ്രഖ്യാപിച്ചത്.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 50% വീതം പങ്കാളിത്തമുള്ള കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് പാലക്കാട് സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നത്.

- ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ ലോഞ്ച് സ്ഥാപിതമായ കേരളത്തിലെ വിമാനത്താവളം
- ✔ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം
- യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ ആഗോള നിലവാരത്തിലുള്ള എയർപോർട്ട് അനുഭവം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സിയാൽ നടപ്പിലാക്കിയ പദ്ധതിയാണ് 0484 എയ്റോ ലോഞ്ച്.

CAREER GUIDANCE BUREAU

- കേന്ദ്ര വ്യാവസായിക സുരക്ഷാ സേന (സി.ഐ.എസ്.എഫ്.) ഡയറക്ടർ ജനറലായി 2024 ആഗസ്റ്റിൽ നിയമിതനായത്
- ✔ രജ്‌വീന്ദർ സിങ് ഭട്ടി
- ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്.) മേധാവിയായി 2024 ആഗസ്റ്റിൽ നിയമിതനായത്
- ✔ ദൽജിത് സിങ് ചൗധരി
- ഇന്ത്യൻ റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി 2024 ആഗസ്റ്റിൽ നിയമിതനായത്
- ✔ സതീഷ് കുമാർ
- പ്രകൃതിദത്ത വജ്രാഭരണ വിപണിയിൽ ആഗോളതലത്തിൽ ചൈനയെ പിന്തള്ളി രണ്ടാം സ്ഥാനം നേടിയ രാജ്യം
- ✔ ഇന്ത്യ
- പ്രകൃതിദത്ത വജ്രാഭരണ വിപണിയിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം അമേരിക്കയാണ്.
- ദേശീയ കായിക ദിനമായി ആചരിക്കപ്പെടുന്നത്
- ✔ ആഗസ്റ്റ് 29
- മികച്ച കായിക താരത്തിനുള്ള കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ഉമ്മൻചാണ്ടി കായിക പുരസ്കാരം 2024 ആഗസ്റ്റിൽ സ്വന്തമാക്കിയത്
- ✔ പി.ആർ. ശ്രീജേഷ്
- മികച്ച കായിക പരിശീലകനുള്ള ഉമ്മൻചാണ്ടി കായിക പുരസ്കാരം സ്വന്തമാക്കിയത് ഗോഡ്സൺ ബാബു (നെറ്റ്ബോൾ) ആണ്.

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999